## India Foundation for the Arts (IFA) invites applications for Project 560

## Deadline: September 21, 2026

ബാംഗ്ലൂർ എന്ന നഗരത്തെ ഒരു കവിയുടെ നോട്ടുപുസ്തകമായോ, ക്രിയാത്മക കോഡിംഗ് വിദഗ്ദ്ധനായ ഒരാളുടെ ആശയകേന്ദ്രമായോ, കലാകാരരുടെ ശിൽപശാലയായോ, ചലച്ചിത്രകാരരുടെ എഡിറ്റിംഗ് മേശയായോ, അല്ലെങ്കിൽ ഒരു അവതരണകലാപ്രവർത്തകന്റെ വേദിയായോ സങ്കൽപ്പിച്ചു നോക്കൂ! സമൂഹത്തിന്റെ വിവിധ അടരുകളിൽ നിന്നും, മറഞ്ഞിരിക്കുന്ന ഇടങ്ങളിൽ നിന്നും, ബഹുതല ചരിത്രങ്ങളിൽ നിന്നും, കൂട്ടുചേർന്നുള്ള അഭിലാഷങ്ങളിൽ നിന്നും ഉയർന്നുവരുന്ന ഈ നഗരത്തിന്റെ പുതിയ ശബ്ദങ്ങളിലേക്ക് കാതോർക്കൂ. നാം ഒരുമിച്ച് പങ്കുവയ്ക്കുന്ന ഭാവികാലത്തെ എങ്ങനെ സർഗ്ഗാത്മകമായി നയിക്കണമെന്നറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, 'പ്രൊജക്റ്റ് 560' അതിനായുള്ള സർഗ്ഗാത്മക വേദിയാണ്.

വേഗത്തിൽ വളരുന്ന ഒരു മഹാനഗരത്തിന്റെ ചിരപരിചിതമായ കേന്ദ്രങ്ങൾക്കപ്പുറം, സങ്കീർണ്ണമായ ഭൂതകാലവും, കുഴമറിഞ്ഞ വർത്തമാനകാലവും, സങ്കൽപാധിഷ്ഠിതമായ ഭാവികാലവും ഉൾക്കൊള്ളുന്ന അതിന്റെ അതിർത്തിപ്രദേശങ്ങളിലേക്ക് കണ്ണോടിക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു കലാത്മക സംരംഭമാണ് 'പ്രൊജക്റ്റ് 560'. ബാംഗ്ലൂരിന്റെ ബഹുഭാഷാ യാഥാർത്ഥ്യങ്ങൾ, സങ്കീർണ്ണമായ ജാതി-ഭാഷാ-ലിംഗ സമവാക്യങ്ങൾ, നഗര പരിസ്ഥിതിയെ രൂപപ്പെടുത്തുന്ന നിർണായകമായ പാരിസ്ഥിതിക ആഖ്യാനങ്ങൾ തുടങ്ങിയ വിഷയങ്ങളോട് അനുഭാവം പുലർത്തുവാൻ ഈ പ്രൊജക്റ്റിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി കലാപരവും ക്യൂറേറ്റോറിയൽ സ്വഭാവമുള്ളതും ഗവേഷണാത്മകാവുമായ ഉദ്ദേശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സൗഹൃദ ശൃംഖല കെട്ടിപ്പടുക്കാനാണ് ഈ പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്.

ഉൾക്കൊള്ളാൻ കഴിയുന്നതിലും വേഗത്തിലാണ് ബാംഗ്ലൂർ നഗരം വളർന്നുകൊണ്ടിരിക്കുന്നത്. നഗരത്തിന്റെ കലാപരമായ ഊർജ്ജം കേവലം പരമ്പരാഗത സാംസ്കാരിക കേന്ദ്രങ്ങളിലോ, ഗാലറികളിലോ (White Cubes) മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ബാംഗ്ലൂരിന്റെ സർഗ്ഗാത്മക ചൈതന്യം എപ്പോഴും ചലനാത്മകമാണ്. നഗരഗ്രാമങ്ങൾ, യാദൃച്ഛികമായി രൂപപ്പെടുന്ന സമൂഹങ്ങൾ (Found communities), ഹ്രസ്വകാലാടിസ്ഥാനത്തിൽ അസ്ഥിരജോലികൾ ചെയ്യുന്നവരുടെ (Gig worker) മുന്നേറ്റങ്ങൾ, കുടിയേറ്റക്കാരുടെ ഇടനാഴികൾ, സൃഷ്ടികർമ്മത്തിന്റെ ഇടങ്ങൾ (Maker spaces), വായനാ കൂട്ടായ്മകൾ, പെൻസിൽ ജാം പോലെയുള്ള ചിത്രരചനാകൂട്ടായ്മകൾ, മറ്റ് അനൗപചാരിക സർഗ്ഗാത്മക-സാമ്പത്തിക മേഖലകൾ തുടങ്ങി അപ്രതീക്ഷിത ഇടങ്ങളിലേക്കാണ് നഗരം തഴച്ചുവളരുന്നത്. ബാംഗ്ലൂർ നഗരത്തിലെ വിദഗ്ധരുമായും പരിശീലകരുമായും ഒത്തുചേർന്നുള്ള ഒരു കൂട്ടായ്മയാണ് 'പ്രൊജക്റ്റ് 560'ന്റെ ആദ്യഘട്ടം ലക്ഷ്യമിടുന്നത്. നഗരത്തിന്റെ ചരിത്രവഴികൾ, ജീവസ്സുറ്റ ഇടങ്ങൾ, സാങ്കൽപ്പിക ഭാവികൾ തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് ആശയവിനിമയം നടത്താനുള്ള ഒരു വേദിയായി ഈ പ്രൊജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നു. ആഴത്തിലുള്ളതും ഭാവനാപൂർണവുമായ ഈ യാത്രയുടെ ഭാഗമാകാൻ നിങ്ങളെ ക്ഷണിക്കുന്നു.

വിവരണാത്മക ക്യൂറേറ്റോറിയൽ നടത്തങ്ങൾ (Curated walks); നാടകം, നൃത്തം, സംഗീത പരിപാടികൾ; ഇൻസ്റ്റലേഷനുകൾ; കലാപ്രദർശനങ്ങൾ; സാമൂഹ്യാധിഷ്ഠിത പരിപാടികൾ; ഫോട്ടോഗ്രഫിയുടെ സമകാലിക സാധ്യതകൾ പരീക്ഷിക്കുന്ന ലെൻസ് അധിഷ്ഠിത കലാപ്രവർത്തനങ്ങൾ (Lens-based practices); ഗെയിമുകൾ; ശിൽപശാലകൾ; പ്രസിദ്ധീകരണങ്ങൾ എന്നിവയിലേക്ക് നയിക്കുന്ന ആശയങ്ങളുടെ സാക്ഷാത്കാരത്തിനായുള്ള പ്രൊജക്റ്റാണ് ഞങ്ങൾ ക്ഷണിക്കുന്നത്.

**ഇൻക്യുബേഷൻ അധിഷ്ഠിത യാത്ര**

പരിപൂർണമായ ഒരാശയത്തെ മുൻനിർത്തിയുള്ള പ്രൊജക്റ്റുകൾക്കാണ് 'പ്രൊജക്റ്റ് 560' ന്റെ മുൻകാല പതിപ്പുകൾ പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി ബീജാവസ്ഥയിലുള്ള ആശയത്തിന് മേൽ അടയിരിക്കുന്നതിനും അതിനെ വികസിപ്പിക്കുന്നതിനുമാണ് പുതിയ പതിപ്പ് മുൻഗണന നൽകുന്നത്. ബാംഗ്ലൂർ നഗരം കേന്ദ്രമായുള്ള ആശയങ്ങളിൽ താൽപര്യമുള്ള സമാന ചിന്താഗതിക്കാരുടെ പങ്കാളിത്തസ്വഭാവമുള്ള സംവാദങ്ങളിലൂടെയാണ് ഓരോ പ്രൊജക്റ്റുകളുടെയും ആശയങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കലാകാരരെയും

ഗവേഷകരെയുമാണ് പ്രൊജക്റ്റിന് വേണ്ടി IFA തിരയുന്നത്. താല്പര്യമുള്ള വ്യക്തികൾ ഒരു പ്രൊജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കി അപേക്ഷിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അപേക്ഷകരും പ്രൊജക്റ്റിന്റെ പൂർത്തീകരണത്തിലേക്ക് തീവ്രവും ആഴത്തിലുള്ളതുമായ ഒരു 'ഇൻക്യുബേഷൻ ലാബിൽ' (Incubation Lab) ആദ്യമായി പങ്കാളികളാകേണ്ടതുണ്ട്. ചെയ്യാനുദ്ദേശിക്കുന്ന പ്രൊജക്റ്റിന്റെ ബീജാവസ്ഥയിലുള്ള ആശയങ്ങളെ ചിന്തോദ്ദീപകമായി വികസിപ്പിക്കുന്നതിനുള്ള മനനപ്രവർത്തനങ്ങളുടെ അവസരമെന്ന നിലയിലാണ് ഇൻക്യുബേഷൻ ലാബ് എന്ന സങ്കൽപ്പം വികസിപ്പിച്ചിരിക്കുന്നത്.

നവംബർ മാസത്തിലെ രണ്ട് ആഴ്ചകളിലായി 10 പ്രവൃത്തിദിനങ്ങളിലാണ് ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദി ആർട്സ് (IFA) ക്ഷണിതാക്കളായ ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ ഈ ഇൻക്യുബേഷൻ ലാബ് സംഘടിപ്പിക്കുന്നത്. ഈ ലാബിൽ കൂട്ടുത്തരവാദിത്തമുള്ള സംഭാഷണങ്ങൾ, പര്യവേക്ഷണങ്ങൾ, നഗരസന്ദർശനങ്ങൾ ലക്ഷ്യമാക്കിയുള്ള നടത്തങ്ങൾ (Walks), വർക്ക്ഷോപ്പുകൾ, സമപ്രായക്കാർ തമ്മിലുള്ള ആശയവിനിമയങ്ങൾ എന്നിവ ഉൾപ്പെടും. സമീപവാസികളുമായുള്ള ഇടപെടലുകളേയും, നാഗരികതയിലൂന്നിയ നയപരമായ ചിന്തകളെയും, ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യൂറേറ്റോറിയൽ കാഴ്ചപ്പാടുകളുടെ വികാസത്തെയും, നഗരത്തെക്കുറിച്ചുള്ള കലാപരമായ ഗവേഷണങ്ങളെയും ഇത് ഭാവനാസമ്പന്നമാക്കും.

ഗ്രാഫിക് വിവരണങ്ങൾ (Graphic narratives), ആനിമേഷനുകൾ, ക്രിയേറ്റീവ് നോൺഫിക്ഷൻ, സംഗീത പര്യവേക്ഷണങ്ങൾ, പെർഫോമിംഗ് ആർട്സ്, ലെക്ചർ പെർഫോമൻസുകൾ, കലാപ്രദർശനങ്ങൾ, സൈറ്റ് റെസ്പോൺസീവ് ഇൻസ്റ്റാലേഷനുകൾ, ക്രിയേറ്റീവ് കോഡിംഗ് ബൂട്ട്ക്യാമ്പുകൾ, സിന്ത്ജാമിംഗ്, ആർട്ടിസ്റ്റിക് റിസർച്ച് മോണോഗ്രാഫുകൾ, എസ്സേ ഫിലിമുകൾ തുടങ്ങിയ രൂപങ്ങളിലാവണം പ്രൊജക്റ്റുകൾ സാക്ഷാത്ക്കരിക്കേണ്ടത്. വിവിധ മേഖലകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള അന്തർവിഷയ സ്വഭാവമുള്ള സൃഷ്ടികളും (Interdisciplinary works) വികസിപ്പിക്കാവുന്നതാണ്. പൂർത്തീകരിക്കുന്ന പ്രൊജക്റ്റുകളുടെ അവതരണം പൊതുസമൂഹത്തിന് മുന്നിൽ നേരിട്ടുള്ള (Physical) രൂപത്തിലായിരിക്കണം വികസിപ്പിക്കേണ്ടത്. ആവശ്യമാണെങ്കിൽ ഭാഗികമായി വെർച്വൽ ഘടകങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

**പ്രൊജക്റ്റിന്റെ കാലയളവ്**

8 മാസം വരെ

**ബഡ്ജറ്റ്**

:

പരമാവധി 4,00,000/- രൂപ വരെ.

**ആർക്കൊക്കെയാണ് പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പ്രൊജക്റ്റുകൾക്കാണ് കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ക്രിയേറ്റിവ് കോഡിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്/ ആശയകല, ചിത്രകല, ശിൽപ്പകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, ചെറുകഥാകൃത്തുക്കൾ, നാടകകൃത്തുക്കൾ, തിരക്കഥ രചയിതാക്കൾ, കോമിക്ക് രചയിതാക്കൾ, ഗെയിം രചയിതാക്കൾ, ക്രിയാത്മക നോൺഫിക്ഷൻ രചയിതാക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.

- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.
- ബാംഗ്ലൂർ നിവാസികൾ

**പ്രൊപോസലുകൾ എങ്ങനെ സമർപ്പിക്കാം?**

ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപോസലുകൾ സമർപ്പിക്കേണ്ടത്

- ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപ്പര്യങ്ങൾ.
- ബാംഗ്ലൂർ നഗരത്തെക്കുറിച്ചുള്ള, പ്രത്യേകിച്ച് അതിന്റെ അതിർത്തിപ്രദേശങ്ങൾ (peripheries), ദൈനംദിന ബഹുഭാഷാ യാഥാർത്ഥ്യങ്ങൾ, പരിസ്ഥിതി വിഷയങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിങ്ങളുടെ കലാപരമായ ആശങ്കകളും ഗവേഷണ ചോദ്യങ്ങളും
- നിങ്ങൾ സഹകരിക്കാൻ ഉദ്ദേശിക്കുന്നതും പ്രൊജക്റ്റിന്റെ ഭാഗമാകാൻ സാദ്ധ്യതയുള്ളതുമായ ബാംഗ്ലൂരിലെ പങ്കാളികൾ, സമൂഹങ്ങൾ, അല്ലെങ്കിൽ നഗര ഇടങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രൊജക്റ്റിന്റെ പ്രാഥമിക വിവരങ്ങൾ
- പ്രൊജക്റ്റ് ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമം
- പ്രൊജക്റ്റിന്റെ പൂർത്തീകരണത്തിനാവശ്യമായ വിശദമായ ബജറ്റ്
- ഈ അപേക്ഷയ്ക്ക് അനുയോജ്യമായ, നിങ്ങളുടെ മുൻകാല പ്രവൃത്തികളുടെ ഉദാഹരണങ്ങൾ (പോർട്ട്ഫോളിയോകൾ, എഴുത്തുകൾ, ചിത്രങ്ങൾ, അല്ലെങ്കിൽ മുൻകാല പ്രവൃത്തികളുടെ ഓഡിയോ/വീഡിയോ റെക്കോർഡിംഗുകൾ എന്നിവയുൾപ്പെടെയുള്ള അനുബന്ധ സാമഗ്രികൾ)
- അഡ്രസ്സ് ഫോൺ നമ്പർ, ഇമെയിൽ ഐ ഡി തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ ബയോഡാറ്റ
- ഫൈനൽ പ്രൊപോസലും അനുബന്ധ രേഖകളും ഒരൊറ്റ ഇമെയിലായി Project Proposal for Project 560 എന്ന് subject line രേഖപ്പെടുത്തി, ജോൺ സേവ്യറിന് john@indiaifa.org എന്ന ഐഡിയിലേക്ക് അയക്കേണ്ടതാണ്.
- നിങ്ങളുടെ പ്രൊപോസലുമായി ബന്ധപ്പെട്ട ഏതെങ്കിലും ചോദ്യങ്ങളോ വിശദീകരണങ്ങളോ ഉണ്ടെങ്കിൽ, ദയവായി john@indiaifa.org എന്ന ഇമെയിൽ വിലാസത്തിലേക്ക് എഴുതുക.

ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പ്രൊജക്റ്റുകളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

**യോഗ്യത:**

- ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ അപേക്ഷിക്കാനാവൂ. ഇതിൽ ഇന്ത്യൻ വംശജരായ പി.ഐ.ഒ.(Persons of Indian Origin) കാർഡ് ഹോൾഡേഴ്സും, ഇന്ത്യയിലെ വിദേശ പൗരരായ ഒ.സി.ഐ. (Overseas Citizen of India) കാർഡ് ഹോൾഡേഴ്സും അപേക്ഷിക്കാൻ അർഹരല്ല.
- അപേക്ഷകർ പാൻ കാർഡ് ഉള്ള വ്യക്തികൾ ആയിരിക്കണം. കൂടാതെ ഐഡന്റിറ്റി, പൗരത്വം എന്നിവ തെളിയിക്കുന്ന താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്നും ഉണ്ടായിരിക്കണം: ഇന്ത്യൻ പാസ്പോർട്ട് അല്ലെങ്കിൽ ആധാർ കാർഡ് അല്ലെങ്കിൽ ഇന്ത്യയിലെ വോട്ടർ ഐ.ഡി.
- വ്യക്തികൾക്ക് മാത്രമേ അപേക്ഷിക്കാനാവൂ. സംഘടനകൾക്ക് അപേക്ഷിക്കാനാവില്ല.
- പ്രൊജക്റ്റുകളിൽ അപേക്ഷകർ കൂടാതെ മറ്റാരെങ്കിലും സഹകരിക്കുന്നുണ്ടെങ്കിൽ, അവരും ഇന്ത്യൻ പൗരന്മാർ ആയിരിക്കണം.
- പ്രൊജക്റ്റുകളുടെ മുഴുവൻ സമയത്തും നിങ്ങൾ ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആളായിരിക്കണം.
- ഐഎഫ്എയുമായി മുൻകാലത്ത് സാമ്പത്തിക ക്രമക്കേടിന്റെ ചരിത്രമുള്ള വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.
- മുൻ ഐഎഫ്എ ഗ്രാന്റ് ലഭിച്ചവരിൽ സമ്മതപത്രപ്രകാരം തിരിച്ചേൽപ്പിക്കേണ്ട വസ്തുവകകളോ സാധനസാമഗ്രികളോ ഐഎഫ്എയിൽ തിരികെ നൽകുന്നതിൽ പരാജയപ്പെട്ട വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.

- ഏതെങ്കിലും കാരണത്താൽ ഭാവി അപേക്ഷകൾ വിലക്കിക്കൊണ്ട് ഐഎഫ്എയിൽ നിന്ന് കത്ത് ലഭിച്ച വ്യക്തികൾ അപേക്ഷിക്കാൻ അർഹരല്ല.
- നിലവിൽ ഐഎഫ്എ നടപ്പിലാക്കുന്ന ഏതെങ്കിലും പ്രോജക്റ്റിൽ പ്രവർത്തിക്കുന്ന വ്യക്തികൾ അപേക്ഷിക്കാൻ  അർഹരല്ല.
- ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ഉണ്ടെങ്കിൽ മാത്രമേ ഒന്നിൽ കൂടുതൽ വ്യക്തികൾക്ക് അപേക്ഷിക്കാൻ  കഴിയൂ. ഇല്ലെങ്കിൽ, അവരിൽ ഒരാൾ മാത്രം അപേക്ഷിക്കുകയും മറ്റുള്ളവർ പ്രോജക്റ്റിൽ പങ്കാളികളായിരിക്കാവുന്നതുമാണ്.

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

തെരഞ്ഞെടുക്കുന്ന പ്രൊപോസലുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുകയും അപേക്ഷകർ അവരുടെ ആശയങ്ങൾ പാനലിൽ അവതരിപ്പിക്കുകയും വേണം. ഇൻക്യുബേഷൻ ലാബിലേക്കുള്ള തെരഞ്ഞെടുപ്പുകളും നടപ്പാക്കൽ പ്രക്രിയകളും 2026 ഒക്ടോബറിൽ പ്രഖ്യാപിക്കും.

**തെരഞ്ഞെടുക്കുന്ന എല്ലാ പ്രൊജക്റ്റുകളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

**അപേക്ഷയുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ**

- സംശയനിവാരണത്തിനും കരട് (Draft) ആശയങ്ങൾ സമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി: **സെപ്റ്റംബർ 11, 2026**
- അന്തിമ പ്രൊപോസലുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി: **സെപ്റ്റംബർ 21, 2026**
- ഇൻകുബേഷൻ ലാബിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രൊജക്റ്റുകളുടെ പ്രഖ്യാപനം: **ഒക്ടോബർ 2026**
- പ്രൊജക്റ്റ് ആരംഭിക്കുന്ന തീയതി: **നവംബർ ആദ്യം**
- ഇൻക്യുബേഷൻ ലാബിന്റെ  പ്രവർത്തന ഘട്ടം: **നവംബർ 16-27, 2026**

തിരഞ്ഞെടുക്കപ്പെടുന്ന കലാകാരർ ഇൻക്യുബേഷൻ ലാബിന്റെ മുഴുവൻ  സമയത്തും നേരിട്ട് (In-person) പങ്കെടുക്കേണ്ടതാണ്.

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.

നമ്മ 560 നമ്മ പ്രോജക്റ്റ് നമ്മ ഊര്